## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 12 (ANNUALEXAM 2024)

**1) മിഷൻ എന്ന ആശയവുമായി ബന്ധപ്പെട്ട് നമ്മുടെ സഭ യോജിക്കാത്ത പ്രസ്താവന ഏത് ?**

**A) ഇന്ത്യയിലെ പുരാതന ക്രിസ്ത്യാനികളെ പ്രൊട്ടസ്റ്റന്റ് സഭയിലും കത്തോലിക്ക സഭയിലും ചേർക്കുവാൻ സുവിശേഷം ഉപയോഗിച്ചത്**

B) യേശു ശിഷ്യന്മാരെ പല സ്ഥലങ്ങളിലേക്കും ദൈവരാജ്യം അറിയിക്കാനായി അയച്ചു

C) മാർത്തോമാ ശ്ലീഹ ഇന്ത്യയിൽ സുവിശേഷം അറിയിച്ചു

D) യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുക എന്നത് ക്രിസ്തീയ സഭയുടെ ദൗത്യമാണ്

**2) മിഷൻ പ്രവർത്തനനത്തിന്റെ ഏറ്റവും ശരിയായ മാതൃകയായി പറയാവുന്ന പ്രസ്താവന തെരഞ്ഞെടുക്കുക**

**A) കർത്താവ് പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്ത കാര്യങ്ങൾ തുടരുക, ജീവൻ ബലി കഴിക്കാൻ പോലും തയ്യാറാകുക**

B) ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സ്വതന്ത്രവും സമത്വവും സാഹോദര്യവും സമൂഹത്തിൽ പ്രചരിപ്പിക്കുക

C) ജനങ്ങളെ ചൂഷണം ചെയ്യുന്നതിനെതിരെ പ്രവർത്തിക്കുക

D) ലാളിത്യത്തോടെയും സമാധാനത്തോടെയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുക

**3) ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുത്ത് സുവിശേഷം അറിയിക്കാൻ കർത്താവു ശിഷ്യന്മാരെ നിയോഗിച്ചു എന്ന് വിശുദ്ധ മത്തായി പറയുന്നതിന്റെ യെഹൂദാ പശ്ചാത്തലം എന്ത് ?**

**A) പ്രവാചകന്മാർ മുൻ കൂട്ടി സൂചിപ്പിച്ചിട്ടുള്ള മശിഹാ തന്നെയാണ് യേശു എന്ന് വ്യക്തമാക്കുവാൻ**

B) യിസ്രായേൽക്കാരിൽ മാത്രമായി തന്റെ സുവിശേഷം ഒതുങ്ങരുത് എന്ന വിശ്വാസം

C) യിസ്രായേൽ ദൈവത്തിന്റെ സ്വന്ത ജനം ആയതുകൊണ്ട്

D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**4) യഥാർത്ഥ ആരാധന പൂർത്തിയാക്കുന്ന സാഹചര്യം ഏത് ?**

**A) liturgy after liturgy എന്നത് യാഥാർഥ്യമാകുമ്പോൾ**

B) സുവിശേഷം ജനങ്ങളിൽ എത്തുമ്പോൾ

C) ആരാധനാ അതിമനോഹരമായി നടത്തുമ്പോൾ

D) എല്ലാ അനുഷ്ഠാനങ്ങളും കൃത്യമായി ചെയ്യുമ്പോൾ

**5) ജാതിവ്യവസ്ഥയിൽ അടിസ്ഥാനമായ സാമൂഹ്യ വ്യവസ്ഥയെ തിരുത്തുവാൻ മിഷൻ പ്രവർത്തനത്തിലൂടെ ശ്രമിച്ച സഭാപിതാക്കന്മാരിൽ ഉൾപ്പെടാത്ത ആൾ ?**

**A) പൗലോസ് മാർ ഗ്രീഗോറിയോസ്**

B) പത്രോസ് മാർ ഒസ്താത്തിയോസ്

C) ഗീവർഗീസ് മാർ ഒസ്താത്തിയോസ്

D) സ്തെഫാനോസ് മാർ തേവോദോസിയോസ്

**6) പഴയ നിയമത്തിൽ ത്രിത്വ സാന്നിധ്യം തെളിയിക്കുന്നതിൽ ഉൾപ്പെടാത്ത പരാമർശം**

**A) 'ഭൂമിയും അതിന്റെ പൂർണതയും യെഹോവയ്ക്കുള്ളതാകുന്നു ' എന്ന**

**സങ്കീർത്തനം**
B) 'അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ, നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക'
C) മനുഷ്യൻ നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു
D) സാറാഫുകൾ 'പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ' എന്ന് വാഴ്ത്തുന്നത് യെശയ്യാ പ്രവചനത്തിൽ പറയുന്നു

**7) പാരമ്പര്യം എന്നത് 'വചനമാം ദൈവം ആദിയിൽ നൽകിയ വിശ്വാസം, അപ്പോസ്തോലന്മാർ പ്രസംഗിക്കുകയും സഭാപിതാക്കന്മാർ സംരക്ഷിക്കുകയും, വിശുദ്ധ സഭ അതിൽ അടിസ്ഥാനപ്പെടുത്തി വളർത്തുകയും ചെയ്തിട്ടുള്ളതാകുന്നു' എന്ന് പ്രസ്താവിച്ച സഭ പിതാവ് ?**
**A) അലക്സാണ്ഡ്രിയയിലെ അത്താനാസിയോസ്**
B) സ്വർണനാവുകാരനായ ഇവാനിയോസ്
C) യെരുശലേമിലെ കൂറീലോസ്
D) നാസിയൻസിലെ ഗ്രിഗോറിയോസ്

**8) പുതിയ നിയമ സഭയിൽ പൂർവികരെ സ്മരിച്ചുകൊണ്ട് വിശുദ്ധ സ്നാനം സ്വീകരിച്ചിരുന്നു' എന്ന് തെളിയിക്കുന്ന വേദഭാഗം?**
**A) 1 കൊരിന്ത്യർ 15:29**
B) 1 കൊരിന്ത്യർ 15:25
C) 1 കൊരിന്ത്യർ 14:3
D) 1 കൊരിന്ത്യർ 14:4

**9) ഡിഡാക്കെ' എന്ന രചനയുമായി ബന്ധമില്ലാത്ത പ്രസ്താവന**
**A) കപ്പദോക്യൻ പിതാക്കന്മാരുടെ കാലത്താണ് ഈ ഗ്രന്ഥം പ്രചരിച്ചത്**
B) കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ കാലത്താണ് ഇത് പ്രചരിച്ചത്
C) കുർബാനക്രമത്തിന്റെ രീതിയെക്കുറിച്ചു ഇതിൽ പ്രതിപാദിക്കുന്നുണ്ട്
D) പുതിയ നിയമ കൃതികളോളം തന്നെ ഇതിന് പഴക്കമുണ്ട്

**10) തന്നിരിക്കുന്നവയിൽ ആദ്യത്തെ ഏകാന്ത സന്യാസിമാരുടെ പേരുകൾ മാത്രം അടങ്ങുന്ന ശരിയായ ഗ്രൂപ്പ് തിരഞ്ഞെടുക്കുക.**
**A) തീബ്സിലെ വി. പൗലോസ് , വി. അന്തോണിയോസ്**
B) വി. അന്തോണിയോസ്, വി. പക്കോമിയോസ്
C) വി. പക്കോമിയോസ്, വി. ബസേലിയോസ്
D) വി. അന്തോണിയോസ്, വി. ബസേലിയോസ്

**11) രണ്ട് കാതോലിക്കേറ്റുകൾ നിലവിലുള്ള ഓർത്തഡോക്സ് സഭ**
**A) അർമേനിയൻ ഓർത്തഡോക്സ് സഭ**
B) മലങ്കര (ഇന്ത്യൻ) ഓർത്തഡോക്സ് സഭ
C) കോപ്റ്റിക് ഓർത്തഡോക്സ് സഭ
D) എത്യോപ്യൻ ഓർത്തഡോക്സ് സഭ

**12) സഭാ നേതാവിന് പോപ്പ് എന്ന് പേരുള്ള ഓർത്തഡോക്സ് സഭ**
**A) കോപ്റ്റിക് ഓർത്തഡോക്സ് ചർച്ച്**
B) എത്യോപ്യൻ ഓർത്തഡോക്സ് ചർച്ച്
C) കോൺസ്റ്റാന്റിനോപ്പിൾ ഓർത്തഡോക്സ് ചർച്ച്
D) ഗ്രീക്ക് ഓർത്തഡോക്സ് ചർച്ച്

**13) മനുഷ്യന്റെ ആത്മീയ വളർച്ചയ്ക്ക് ഉദാഹരണമായി പറയാവുന്ന ഏറ്റവും ശരിയായ പരാമർശം**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) യാക്കോബ് സ്വപ്നത്തിൽ കാണുന്ന സ്വർഗത്തോളം ഉയർന്നു നിൽക്കുന്ന ഗോവണി
C) 'മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു 'എന്ന പൗലോസ് ശ്ലീഹായുടെ

പ്രസ്താവന
D) താബോർ മലയിലെ രൂപാന്തരീകരണം

**14) തന്നിരിക്കുന്നവയിൽ ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകത എന്താണ് ?**
**A) സഭ ഒറ്റ സമൂഹമായാണ് ആരാധിക്കുന്നത്**
B) ജനപങ്കാളിത്തം കുറവാണ്
C) വേദപുസ്തക ഭാഗങ്ങളുടെ ഉപയോഗം കുറവാണ്
D) വിശ്വാസ ബോധനം ആരാധനയിൽ കൂടി നടത്തുന്നില്ല

**15) 'നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കും' എന്ന് ദാവീദ് പറയുന്ന സങ്കീർത്തന ഭാഗം**
**A) സങ്കീർത്തനം 119 : 164**
B) സങ്കീർത്തനം 119 : 121
C) സങ്കീർത്തനം 118 : 124
D) സങ്കീർത്തനം 117 : 164

**16) തന്നിരിക്കുന്നവയിൽ നമ്മുടെ സഭയുടെ ആരാധനയുടെ പ്രത്യേകത എന്താണ് ?ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) സ്വന്ത ആവശ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നില്ല
C) പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥനകൾ ഉണ്ട്
D) ജീവിച്ചിരിക്കുന്നവർക്കു വേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥനകൾ ഉണ്ട്

**17) ആരാധനയിലെ കുക്കിലിയോനെ സംബന്ധിച്ചു ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) സങ്കീർത്തന ഭാഗത്തോടെ തുടക്കം ബോവൂസയോടെ അവസാനിക്കും**
B) കോലോകളോടെ ആരംഭിച്ചു സങ്കീർത്തനത്തോടെ അവസാനിക്കും
C) ത്രിത്വ സ്തുതിയോടെ ആരംഭിച്ചു ധൂപ പ്രാർത്ഥനയോടെ അവസാനിക്കും
D) പ്രോമിയോൻ വായിച്ചു ആരംഭിച്ചു ബോവൂസയോടെ അവസാനിക്കും

**18) കുടുംബാരാധനയിലെ സന്ധ്യ നമസ്കാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന യാമ പ്രാർത്ഥനകൾ**
**A) ഒൻപതാം മണി, സന്ധ്യ , സൂത്താറ**
B) ആറാം മണി, ഒൻപതാം മണി, സന്ധ്യ
C) സന്ധ്യ , സൂത്താറ, രാത്രി
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**19) തന്നിരിക്കുന്നവയിൽ മോറാനായ പെരുനാൾ അല്ലെങ്കിലും മോറാനായ പോലെ ആചരിക്കേണ്ട പെരുനാളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നത് തെരഞ്ഞെടുക്കുക**
**A) കർത്താവിന്റെ ശ്ലീഹന്മാരുടെ ഓർമ്മ**
B) സ്വർഗാരോഹണം
C) പെന്തിക്കോസ്തി
D) ദൈവമാതാവിനോടുള്ള വചനിപ്പ്

**20) ജനനപ്പെരുനാളിൽ തീജ്വാലയിൽ കുന്തിരിക്കം ഇടുന്നത് എന്തിനെ സൂചിപ്പിക്കുന്നു?**
**A) ആട്ടിടയന്മാരും വിദ്വാന്മാരും കാഴ്ച അർപ്പിച്ചത്**
B) ജനനസമയത്തെ ദിവ്യ പ്രകാശത്തെ
C) ജനിച്ച കുഞ്ഞിനെ ആരാധിക്കുവാൻ
D) നമ്മെ ദൈവമുമ്പാകെ സമർപ്പിക്കുവാൻ

**21) സൺഡേ സ്കൂൾ പഠനത്തിന്റെ ദീർഘകാല ലക്ഷ്യങ്ങളുടെ ഭാഗമായതു തെരഞ്ഞെടുക്കുക**
**A) സഭയ്ക്കും സമൂഹത്തിനും ഉപകാരികളായി പ്രവർത്തിക്കുക**
B) സഭയുടെ വേദപുസ്തക സത്യങ്ങൾ പഠിച്ചു സ്വായത്തകമാക്കുക
C) കൂദാശകൾ, നോമ്പുകൾ എന്നിവയെക്കുറിച്ചും മനസിലാക്കുക
D) സഭയുടെ ചരിത്രം മനസ്സിലാക്കുക

**22) അധ്യാപന കേന്ദ്രീകൃത ബോധന രീതിയിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**A) സഹകരണ പഠനം**
B) കഥാവതരണരീതി
C) ദൃഷ്ടാന്ത രീതി
D) പാഠപുസ്തക രീതി

**23) പഠന സഹായികളുടെ പ്രയോജനങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**A) സമയ ലാഭം ഉണ്ടാകും**
B) കുട്ടികൾക്ക് പഠിക്കുവാനുള്ള പ്രേരണ ഉണ്ടാകും
C) കുട്ടികൾക്ക് വിരസത ഒഴിവാക്കാൻ സഹായിക്കും
D) കുട്ടികൾക്ക് ക്ലാസ്സിൽ അച്ചടക്കമുണ്ടാകും

**24) അദ്ധ്യാപകൻ ചരിത്രം നിർമിക്കുന്ന ശില്പിയാണ് എന്ന് അഭിപ്രായപ്പെട്ട വ്യക്തി**
**A) എച്ച് .ജി .വെൽസ്**
B) മഹാത്മാ ഗാന്ധി
C) ജവാഹർലാൽ നെഹ്‌റു
D) ഐസക് ന്യൂട്ടൺ

**25) തന്നിരിക്കുന്നവയിൽ സൺഡേ സ്കൂൾ പഠനത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്ന വേദവാക്യങ്ങൾ തെരഞ്ഞെടുക്കുക**
**(i) പൈതങ്ങളെ എന്റെഎ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടയരുത്**
**(ii) ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം**
**(iii) നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിപ്പിൻ**
**(iv) നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു**
**(v) നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിത്തീരുവിൻ**
**A) (i), (iii)**
B) (ii), (iv)
C) (ii), (v)
D) (iv), (v)

**26) അധ്യാപകനെ ഫസിലിറ്റേറ്റർ എന്ന് വിളിക്കുവാൻ കാരണം ?**
**A) വിദ്യാർത്ഥി സ്വയം പഠിക്കുവാൻ വേണ്ടതായ എല്ലാ സഹായവും ചെയ്തു കൊടുക്കുന്ന ആൾ ആയതുകൊണ്ട്**
B) അധ്യാപകൻ നമ്മുടെ സംസ്കാരരീതികൾ പകർന്നു കൊടുക്കുന്ന ആൾ ആയതുകൊണ്ട്
C) വിദ്യാർത്ഥിക്കും പഠന വസ്തുവിനും നടുവിൽ നിൽക്കുന്ന ആൾ ആയതുകൊണ്ട്
D) വിദ്യാർത്ഥിയുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ കഴിയുന്ന ആൾ ആയതുകൊണ്ട്

**27) സമാഗമന കൂടാരത്തെ സംബന്ധിച്ചു ഏറ്റവും ശരിയായ പ്രസ്താവന ഏത്**

**?**

**A) <u>എല്ലാ ഉത്തരങ്ങളും ശരിയാണ്</u>**
B) യിസ്രായേൽ ക്കാരുടെ മതബോധന കേന്ദ്രങ്ങൾ ആയിരുന്നു
C) കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകിയിരുന്ന സ്ഥലം ആയിരുന്നു
D) യിസ്രായേൽക്കാരുടെ ആരാധനാ കേന്ദ്രം ആയിരുന്നു

**28) MGOCSM രൂപീകൃതമായ വർഷം**
**A) <u>1908</u>**
B) 1900
C) 1906
D) 1910

**29) 'ഭൂമിയെ അടക്കി സമുദ്രത്തിലെ മൽസ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂതല ജന്തുവിൻമേലും വാഴുവാൻ ദൈവം മനുഷ്യന് അധികാരം നൽകി' എന്ന പ്രസ്താവനയുടെ ഏറ്റവും അനുയോജ്യമായ സാരാംശം?**
**A) <u>പ്രകൃതിയെ സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തമാണ് മനുഷ്യന് ഉള്ളത്</u>**
B) മനുഷ്യൻ പ്രകൃതിയിൽ അനാവശ്യമായി ഇടപെടരുത്
C) മനുഷ്യൻ പ്രകൃതിയോട് കരുണ കാണിക്കണം
D) മനുഷ്യനും പ്രകൃതിയും തമ്മിൽ നല്ല ബന്ധം ഉണ്ടാക്കണം

**30) അടുത്ത കാലത്ത് 'വിർച്ചൽ അറസ്റ്റ്' എന്ന് മാധ്യമങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനം**
**A) <u>കമ്പ്യൂട്ടർ ഉപയോഗിച്ച് വിദൂര സ്ഥലങ്ങളിൽ നിന്നും, ആളുകൾ കുറ്റങ്ങൾ ചെയ്തു എന്ന് തെറ്റായി ആരോപിച്ചു പണം തട്ടിയെടുക്കുവാൻ അറസ്റ്റ് ചെയ്യുന്നതായി തെറ്റിദ്ധരിപ്പിക്കുന്നത്</u>**
B) വിദൂര സ്ഥലങ്ങളിലെ ആളുകളെ കസ്റ്റഡിയിൽ എടുക്കുവാൻ പുതുതായി പോലീസ് ഡിപ്പാർട്മെന്റിൽ തുടങ്ങിയ അറസ്റ്റ് രീതി
C) നേരിട്ടല്ലാതെ കസ്റ്റഡിയിൽ എടുക്കുവാൻ കമ്പ്യൂട്ടർ ഉപയോഗിക്കുന്ന രീതി
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**31) വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ പ്രയോജനങ്ങളിൽ ഉൾപ്പെടാത്തത് ?**
**A) <u>മനുഷ്യബുദ്ധിയുടെ ഉപയോഗത്തെ കുറക്കുന്നു</u>**
B) കൂടുതൽ ആശയങ്ങളെ തയ്യാറാക്കുന്നു
C) വിവരങ്ങളെ പെട്ടെന്ന് അപഗ്രഥിക്കുവാൻ സഹായിക്കുന്നു
D) റിപ്പോർട്ടുകൾ പെട്ടെന്ന് തയ്യാറാക്കുവാൻ സഹായിക്കുന്നു

**32) ലളിത ജീവിത സംസ്കാരത്തോട് ബന്ധമില്ലാത്തത് തെരഞ്ഞെടുക്കുക**
**A) <u>യൂസ് ആൻഡ് ത്രോ സംസ്കാരം</u>**
B) ആർഭാട രഹിതമായ ആഘോഷങ്ങൾ
C) വസ്തുക്കളുടെ പുനർ ഉപയോഗം
D) സ്വയം പര്യാപ്തമായ ജീവിത ശൈലി

**33) മദ്യം മയക്കുമരുന്നു ഉപയോഗത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കുവാൻ എന്ത് ചെയ്യുവാൻ കഴിയും എന്ന് ശരിയായ ഉത്തരം തെരഞ്ഞെടുക്കുക**
**A) <u>എല്ലാ ഉത്തരങ്ങളും ശരിയാണ്</u>**
B) മോശമായ കൂട്ടുകെട്ടുകളിൽ നിന്ന് ഒഴിവാക്കാൻ പ്രേരിപ്പിക്കുക
C) ഇവ ഉപയോഗിക്കുവാൻ കാരണങ്ങളെ കണ്ടുപിടിച്ചു പരിഹരിക്കുവാൻ ശ്രമിക്കുക
D) ഇവയുടെ ഉപയോഗത്തിൽ നിന്ന് രക്ഷപെടുവാൻ കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുക

**34) മദ്യം മയക്കുമരുന്ന് ഇവയുടെ ഉപയോഗം ആത്മീയ ജീവിതത്തെ**

**എങ്ങനെ ബാധിക്കും എന്നതിന് ഏറ്റവും ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) ഇവർക്ക് ദൈവത്തിനും വിശ്വാസത്തിനും പ്രാധാന്യം കൊടുക്കാൻ കഴിയാതെ വരുന്നു**
B) കുടുംബജീവിതം താറുമാറാകുന്നു
C) ആരോഗ്യത്തെ ബാധിക്കുന്നു
D) സമ്പാദ്യം മുഴുവൻ ഇതിനായി ഉപയോഗിക്കുന്ന അവസ്ഥ ഉണ്ടാകുന്നു

**35) വിശ്വാസ പ്രമാണത്തിൽ പുത്രനാം ദൈവത്തെ പ്രതിപാദിക്കുന്ന ഭാഗം**
**A) രണ്ടാം ഖണ്ഡിക**
B) ഒന്നാം ഖണ്ഡിക
C) മൂന്നാം ഖണ്ഡിക
D) നാലാം ഖണ്ഡിക

**36) കർത്താവ് ആദാമിന്റെ അടുത്ത് പോയി ധൈര്യപ്പെടുത്തുന്നതിനെ ഓർക്കുന്ന ഗീതം ?**
**A) നാഥൻ മൃതരിടയിലുറപ്പി ....**
B) നിൻ മുറിവുകളീന്നേറ്റെനെൻ ...
C) എൻ നാഥാ നിൻ കൃപ നിന്നെ ...
D) നാഥൻ കൂട്ടായുള്ളതിനാൽ ...

**37) 'വിരലിന്മേൽ മെയ് രക്തങ്ങൾ മോതിരമായെൻ പേർക്കേകി ' എന്ന ഗീതം അർത്ഥമാക്കുന്നത് എന്ത് ?**
**A) പരിശുദ്ധ സഭയ്ക്ക് യേശുക്രിസ്തു നൽകുന്ന വിവാഹ മോതിരം**
B) വിവാഹ ശുശ്രൂഷയിൽ മോതിരം അണിയിക്കുന്നത്
C) മാമോദീസയുടെയും കുർബാന സ്ഥാപനത്തിന്റെയും പൂർത്തീകരണം
D) സഭയ്ക്ക് യേശു സ്വർഗീയ മണവാളനാണ്

**38) തന്നിരിക്കുന്ന പ്രസ്താവനകളിൽ പ്രാർത്ഥനയുമായി ബന്ധപ്പെട്ട് ശരിയല്ലാത്തത് തെരഞ്ഞെടുക്കുക**
**A) പ്രതീകങ്ങളുടെ ഉപയോഗം നമ്മുടെ പ്രാർത്ഥനയുടെ ഭാഗമല്ല**
B) നമ്മുടെ സഭയുടെ പ്രാർത്ഥനയുടെ ഭാഗമാണ് നോമ്പും ഉപവാസവും
C) നമ്മുടെ സഭയുടെ വിശ്വാസത്തിൽ ആത്മാവിനെ ശരീരത്തിൽ നിന്നും വേർപെടുത്തിയുള്ള ആത്മീയതയല്ല ഉള്ളത്
D) പ്രാർത്ഥനകൾ വാക്കുകളിൽ മാത്രം ഒതുങ്ങുന്നില്ല

**39) ക്രിസ്തുവിനോടൊപ്പം ഉള്ള മരണവും കബറടക്കവും ഉയിർത്തെഴുന്നേൽപ്പുമാണ് മാമ്മോദീസ എന്ന് പഠിപ്പിച്ച ആൾ**
**A) വിശുദ്ധ പൗലോസ് ശ്ലീഹ**
B) വിശുദ്ധ പത്രോസ് ശ്ലീഹാ
C) വിശുദ്ധ യോഹന്നാൻ ശ്ലീഹാ
D) വിശുദ്ധ തോമസ് ശ്ലീഹാ

**40) വിവാഹമോചനം പഴയ നിയമത്തിൽ അനുവദിച്ചതിനു കാരണമായി യേശുക്രിസ്തു പറയുന്നത് എന്ത്?**
**A) മനുഷ്യരുടെ ഹൃദയകാഠിന്യം**
B) വിവാഹത്തെ ഉടമ്പടിയായി കാണുന്നത് കൊണ്ട്
C) വരനും വധുവും ധാർമിക ജീവിതം നയിക്കാത്തതുകൊണ്ട്
D) വിവാഹത്തെ കൂദാശയായി കാണാത്തതുകൊണ്ട്

**41) 'കൊറെപ്പിസ്കോപ്പ' എന്ന വാക്കിന്റെ അർത്ഥം**
**A) ഗ്രാമത്തിന്റെ എപ്പിസ്കോപ്പ**
B) ചെറിയ സമൂഹത്തിന്റെ എപ്പിസ്കോപ്പ

C) എപ്പിസ്കോപ്പയെക്കാൾ താഴ്ന്ന പദവി
D) എപ്പിസ്കോപ്പയാകുന്ന ആൾക്ക് ആദ്യം നൽകുന്ന സ്ഥാനം

**42) തൈലാഭിഷേക ശുശ്രൂഷയെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന**
**<u>A) മരണാസന്നരായവർക്ക് നൽകുന്ന കൂദാശയാണ് തൈലാഭിഷേകം</u>**
B) ആത്മ ശരീര മനസ്സുകളുടെ സൗഖ്യത്തിനായി നൽകുന്ന കൂദാശയാണ് തൈലാഭിഷേകം
C) മർക്കോസ് 6:13 തൈലാഭിഷേക ശുശ്രൂഷയ്ക്ക് ആധാരമാണ്
D) തൈലാഭിഷേകത്തിൽ പാപമോചനത്തിനുള്ള പ്രാർത്ഥനയും അടങ്ങിയിരിക്കുന്നു

**43) പെന്തെക്കോസ്തിയെ രണ്ടാം ബാബേൽ എന്ന് വിളിക്കുന്നു. ഒന്നാം ബാബേലിന്റെ പ്രത്യേകത എന്തായിരുന്നു?**
**<u>A) മനുഷ്യന്റെ നിഗളവും ദൈവഭയം ഇല്ലായ്മയും നിമിത്തം ഒരേ ഭാഷകൾക്കിടയിൽ സംവേദനം അസാധ്യമായി</u>**
B) ചിതറിപ്പാർത്തിരുന്ന യഹൂദന്മാർ ദൈവിക കല്പന നിറവേറ്റുവാൻ ഒന്നിച്ചുകൂടി
C) ദിവ്യ ദാനങ്ങളുടെ ഉറവിടമായ പരിശുദ്ധാത്മാവിലൂടെയുള്ള പുതുക്കം പ്രാപിച്ചു
D) സിനഗോഗ് ആരാധനയിലൂടെ കല്പനകൾ അനുസരിക്കുവാൻ ആരംഭിച്ചു

**44) സമ്പൂർണവും അപ്രമേയവുമായ ത്രിത്വത്തിന്റെ മഹാപ്രകാശത്തിലേക്ക് തെറ്റുകൂടാതെ ഞങ്ങളെ നയിച്ച് ലോകത്തിന്റ അതീതമായ പ്രകാശത്താൽ ഞങ്ങളെ നിറക്കേണമേ' എന്ന പ്രാർത്ഥന ഏതു പെരുന്നാളിനോട് ബന്ധപ്പെട്ടതാണ് ?**
**<u>A) ദനഹാ</u>**
B) യെൽദോ
C) മായൽതോ
D) ശരിയുത്തരം നൽകിയിട്ടില്ല

**45) യേശു സിനഗോഗിൽ വായിച്ച വേദഭാഗത്തിലെ വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കുവാൻ ശരിയായ വാക്കുകൾ തെരഞ്ഞെടുക്കുക: 'ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുവാൻ .......... അവന്റെ ....... എന്റെ മേൽ ഉണ്ട്'**
**<u>A) കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ, ആത്മാവ്</u>**
B) ദൈവം എന്നെ അയച്ചതിനാൽ, ദൈവാത്മാവ്
C) കർത്താവ് എന്നെ അയച്ചതിനാൽ, അനുഗ്രഹം
D) ദൈവം എന്നെ നിയോഗിച്ചതിനാൽ , കരുണ

**46) സുവിശേഷ ഘോഷണത്തിന്റെ പ്രത്യേകതയായി യേശു പറയുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ?**
**<u>A) എല്ലാം ശരിയാണ്</u>**
B) ലാളിത്യവും സമാധാനവും പാലിക്കണം
C) പണമോ കൂടുതൽ വസ്ത്രങ്ങളോ എടുക്കരുത്
D) രോഗികളെ സൗഖ്യമാക്കണം

**47) ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകുന്ന വിധം ലോകത്തെ സ്നേഹിച്ചു ' എന്ന വാക്യത്തിൽ നിന്നും നാം മനസ്സിലാക്കേണ്ട കാര്യം ?**
**<u>A) എല്ലാ ഉത്തരങ്ങളും ശരിയാണ്</u>**
B) സ്നേഹമാണ് ദൈവത്തിന്റെ ലോകസൃഷ്ടിയുടെ പ്രേരകശക്തി
C) ദൈവം സൃഷ്ടിച്ച സകലത്തിനെയും നാം സ്നേഹിക്കണം
D) ലോകത്തെ നന്മയിലേക്കും നീതിയിലേക്കും രൂപാന്തരപ്പെടുത്തണം

**48) മാർ സേവേറിയോസിന്റെ അപേക്ഷയിലെ താഴെപറയുന്ന ഭാഗത്തെ വിട്ടുപോയ വാക്കുകൾ തെരെഞ്ഞെടുത്തു പൂരിപ്പിക്കുക 'കർത്താവെ .................. ഞങ്ങളെ മറച്ചു .....................**

**ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കേണമേ , ...................... ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളേണമേ'**
<u>**A) നിന്റെ കരുണ, നിന്റെ കൃപ, നിന്റെ സ്ലീബാ**</u>
B) നിന്റെ സ്ലീബാ, നിന്റെ കൃപ, നിന്റെ കരുണ
C) നിന്റെ അനുഗ്രഹങ്ങളാൽ, നിന്റെ സ്ലീബാ, നിന്റെ സഹായത്താൽ
D) നിന്റെ സ്ലീബാ, നിന്റെ കൃപ, നിന്റെ അനുഗ്രഹങ്ങളാൽ

**49) മാർ സേവേറിയോസിന്റെ മാനീസായിലെ ഉള്ളടക്കം തന്നിരിക്കുന്നവയിൽ ശരിയായത് തെരഞ്ഞെടുക്കുക**
<u>**A) മാതാവിനെയും വിശുദ്ധന്മാരെയും ഓർക്കുന്നു ത്രിത്വത്തിൽ ശരണപ്പെടുന്നു**</u>
B) ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളെയും സുവിശേഷ പ്രചാരണത്തെയും ഓർക്കുന്നു
C) ആദിമ സുന്നഹദോസുകളെയും പിതാക്കന്മാരെയും സ്മരിക്കുന്നു
D) എല്ലാ ഉത്തരങ്ങളും ശരിയാണ്

**50) 'വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോട് കരുണ ചെയ്യണമേ, വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോട് കരുണ ചെയ്യണമേ, വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ ' എന്ന പ്രാർത്ഥനാ ഭാഗം ഏതു പ്രാര്ഥനയിലേതാണ് ?**
<u>**A) ക്രോബേൻമാരുടെ സ്തുതിപ്പ്**</u>
B) മാലാഖമാരുടെ സ്തുതിപ്പ്
C) മാർ സേവേറിയോസിന്റെ അപേക്ഷ
D) ത്രിത്വത്തോടുള്ള അപേക്ഷ